# എ.കെ പാർട്ടിയുടെ ഭാവി ?

**തുർക്കിയിൽ** വൻ ഭൂരിപക്ഷത്തോടെ അധികാരത്തിലേറിയ ജസ്റ്റിസ് ആന്റ് ഡവലപ്മെന്റ് പാർട്ടി(എ.കെ പാർട്ടി)യെ നിരോധിക്കാനുള്ള പട്ടാള മേധാവികളുടെ നീക്കത്തിനെതിരെ വ്യാപകമായ പ്രതിഷേധമുയരുന്നു. ബിസിനസ് മേഖലയിൽ പ്രവർത്തിക്കുന്നവർ ഒന്നടങ്കം ഇതിനെതിരെ രംഗത്തു വന്നിരിക്കുകയാണ്. 'രാഷ്ട്രീയ പാർട്ടികൾ ജനാധിപത്യ ജീവിതത്തിന്റെ ഭാഗമാണ്. ഇവയെ നിരോധിക്കാനുള്ള നീക്കം സ്വീകാര്യമല്ല. അതൊരിക്കലും തുർക്കിയുടെ വളർച്ചയെ സഹായിക്കുകയുമില്ല.' തുർക്കിയിലെ വൻകിട ബിസിനസുകാരുടെ പത്രമായ *തൂസിയാദ്* തുറന്നെഴുതി.

അപ്പീൽ കോടതിയിലെ മുഖ്യ പ്രോസിക്യൂട്ടറാണ് ഭരണഘടനാകോടതിയോട് എ.കെ പാർട്ടിയെ നിരോധിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നത്. ഈ കക്ഷി തുർക്കിയുടെ മതേതരത്വത്തെ തുരങ്കംവെക്കുന്നു എന്നാണ് കാരണം കാണിച്ചിരിക്കുന്നത്. പ്രധാനമന്ത്രി ത്വയ്യിബ് ഉർദുഗാൻ, പ്രസിഡന്റ് അബ്ദുല്ലാ ഗുൽ എന്നിവർ ഉൾപ്പെടെ എ.കെ പാർട്ടിയുടെ സമുന്നതരായ 70 നേതാക്കളെ അഞ്ചു വർഷത്തേക്ക് രാഷ്ട്രീയ പ്രവർത്തനത്തിൽനിന്ന് വിലക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

ഭരണഘടനാകോടതി ചേർന്ന് പ്രോസിക്യൂട്ടറുടെ ആവശ്യം ഫയലിൽ സ്വീകരിക്കണമോ തള്ളണമോ എന്ന് തീരുമാനിക്കും. ഫയലിൽ സ്വീകരിച്ചാൽ എ.കെ പാർട്ടിക്ക് അതിന്റെ ഭാഗം വിശദീകരിക്കാൻ ഒരുമാസം സമയം അനുവദിക്കും. വിചാരണ ഏതാനും മാസങ്ങൾ നീളും.

പട്ടാളത്തിലും കോടതികളിലും മതവിരുദ്ധർ പിടിമുറുക്കിയതിനാൽ വിധി എന്താവും എന്ന കാര്യത്തിൽ സംശയിക്കാനൊന്നുമില്ല. സകലതുറകളിൽ നിന്നും എ.കെ പാർട്ടിക്ക് ലഭിക്കുന്ന പിന്തുണ സെക്യുലർ മൗലികവാദികളെ മാറ്റിച്ചിന്തിപ്പിച്ചേക്കാം എന്നു മാത്രം. പതിവിന് വിപരീതമായി *മില്ലിയ്യത്ത്*, *സ്വബാഹ്* പോലുള്ള പത്രങ്ങൾ എ.കെ പാർട്ടിക്കു വേണ്ടി വാദിച്ചു. 'വഴിയടയുന്നു, ഇനിയെന്ത്?' എന്നാണ് ഇടത് പത്രമായ *റാഡിക്കൽ* കൊടുത്ത തലക്കെട്ട്. പെൺകുട്ടികൾക്ക് ഹിജാബ് ധരിച്ചും വിദ്യാലയങ്ങളിൽവരാം എന്ന നിയമഭേദഗതിയാണ് 'സെക്യുലരിസത്തിന്റെ മരണമണി'യായി തൽപരകക്ഷികൾ ഉയർത്തിക്കാട്ടുന്നത്. ■




*ത്വയ്യിബ് ഉർദുഗാൻ*

# പൗരാവകാശങ്ങൾക്കുവേണ്ടി പോരാടാൻ പരിശീലനം

**പൗരാവകാശങ്ങൾ** സംരക്ഷിക്കുന്നതിന് നിലവിൽവന്ന സംഘടനയാണ് അസോസിയേഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് സിവിൽ റൈറ്റ്സ്(എ.പി.സി.ആർ). രാജ്യത്തുടനീളം പൗരാവകാശങ്ങൾക്കു വേണ്ടി ശബ്ദിക്കുന്ന സംഘങ്ങളെ പരിശീലിപ്പിച്ചെടുക്കുകയാണ് സംഘടനയുടെ മുഖ്യലക്ഷ്യങ്ങളിലൊന്ന്. ഇതിനുവേണ്ടി രണ്ടു പരിശീലന ക്ലാസ്സുകൾ ഈയിടെ നടന്നു. ഒന്ന് ലക്നോവിലും മറ്റൊന്ന് മുംബൈയിലും. വൻവിജയമായിരുന്നു മുംബൈ ക്യാമ്പ്. 75 പേരാണ് രജിസ്റ്റർ ചെയ്തിരുന്നതെങ്കിലും 187 പേരെ പങ്കെടുപ്പിക്കേണ്ടി വന്നു. 'ഒരു വശത്ത് രാജ്യത്തുടനീളം മനുഷ്യാവകാശ ലംഘനങ്ങൾ വർധിച്ചു വരുന്നു. മറുവശത്താകട്ടെ, പൗരാവകാശങ്ങൾക്കുവേണ്ടി ശബ്ദിക്കുന്നവരുടെ ശബ്ദം നാൾക്കുനാൾ ദുർബലമായി വരികയും ചെയ്യുന്നു. ഈയൊരു അപായകരമായ ചുറ്റുപാടിൽ പരിശീലനം ലഭിച്ച ഇത്തരം പൗരാവകാശ കൂട്ടായ്മകൾ വളരെ അത്യാവശ്യമാണ്', പ്രമുഖ നിയമ വിശാരദനും എ.പി.സി.ആറിന്റെ പ്രസിഡന്റുമായ അഡ്വ. യൂസുഫ് ഹാതിം മുച്ചാല ആമുഖ പ്രഭാഷണത്തിൽ പറഞ്ഞു.

ലക്നോ ക്യാമ്പ് ഉദ്ഘാടനം ചെയ്തത് ഗുജറാത്തിലെ പീഡിതർക്കു വേണ്ടി പൊരുതുന്ന ഇസ്‌ലാമിക് റിലീഫ് കമ്മിറ്റിയുടെ സെക്രട്ടറി ഡോ. ശക്കീൽ അഹ്മദ് ആയിരുന്നു. ഇന്ത്യൻ നാഷനൽ ലീഗ് നേതാവ് മുഹമ്മദ് സുലൈമാൻ, ജ. ഇ. കേന്ദ്ര കൂടിയാലോചനാ സമിതി അംഗം മുഹമ്മദ് റഫ്അത്ത്, യൂനിവേഴ്സൽ നോളജ് ട്രസ്റ്റ് പ്രസിഡന്റ് അബ്ദുർറഷീദ് അഗ്‌വാൻ, ജ. ഇ. പശ്ചിമ യു.പി അമീർ മുഹമ്മദ് അഹ്മദ് എന്നിവർ സംബന്ധിച്ചു. പരിശീലന കോഴ്സിൽ പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റുകൾ നൽകി. ■